# പതിമൂന്നാം കേരള നിയമസഭ

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5349** **25/10/2011-ൽ മറുപടിക്ക്**

## മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ : | | | ശ്രീ. പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | ഇടുക്കി ജില്ലയിൽ എവിടെയെല്ലാമാണ് മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനം നടക്കുന്നത്; | എ)യും ബി)യും | ഇടുക്കി ജില്ലയിൽ അടിമാലി ദേവികുളം ബ്ലോക്കുകളിലായി ആദിവാസി സ്ത്രീകളുടെ വിദ്യാഭ്യാസ ശാക്തീകരണം, ആദിവാസി പെൺകുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിൽ എത്തിക്കുക, ഗാർഹിക അതിക്രമ നിരോധന നിയമപ്രകാരം സേവനദാതാക്കളായി പ്രവർത്തിക്കുക, ആദിവാസി സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ നടത്തുക., എന്നീ മേഖലയിലാണ് മുഖ്യമായും മഹിളാ സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനം നടക്കുന്നത്. |
| ബി) | ഇടുക്കി ജില്ലയിൽ മഹിള സമഖ്യയുടെ ഇപ്പോഴത്തെ പ്രോജക്ടുകൾ എന്തൊക്കെയാണ്; | | |
| സി) | മറ്റ് ഏതെല്ലാം ജില്ലകളിലാണ് സമഖ്യയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്; | സി) | തിരുവനന്തപുരം, മലപ്പുറം, ജില്ലകളിലാണ് മഹിള സമഖ്യസൊസൈറ്റിയുടെ പ്രവർത്തനം നടത്തുന്ന മറ്റു ജില്ലകൾ |
| ഡി) | ഇടുക്കി ജില്ലയിലെ പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തമായി മറ്റു ജില്ലകളിൽ ഏതെല്ലാം പ്രോജക്ടുകളാണുള്ളതെന്ന് വിശദീകരിക്കാമോ? | ഡി) | തിരുവനന്തപുരത്ത് ഹരിതമിത്രം എന്ന ജൈവക്കൃഷി പരിപാടി, ടൂറിസവുമായി ബന്ധപ്പെട്ട ബാലലൈംഗിക പീഡനത്തെക്കുറിച്ചുള്ള പഠനവും പ്രവർത്തനവും, പ്രത്യുല്പാദന ആരോഗ്യവുമായി ബന്ധപ്പെട്ട് ജനനി പരിപാടി, മലപ്പുറത്ത് സ്ത്രീധനരഹിത ഗ്രാമം പരിപാടി, കാട്ടുനായ്ക, ചോലനായ്ക കോളനികളിൽ ലേണിംഗ് സെന്ററുകൾ എന്നിവയാണ് ഇടുക്കി ജില്ലയിലെ പ്രോജക്ടുകളിൽ നിന്നും വ്യത്യസ്തമായി മറ്റ് ജില്ലകളിലെ പ്രോജക്ടുകൾ |

സെക്ഷൻ ഓഫീസർ